"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷന് (കൺസ്യൂമർഫെഡ്) ടിഡ വാടകയ്ക്ക് നൽകിയിട്ടുള്ള കടമുറികളുടെ വാടക കുടിശ്ശിക ഒടുക്കുന്നതിന് നിർദ്ദേശം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

G.O.(Rt) No.1156/2020/LSGD തീയതി,തിരുവനന്തപുരം, 15/06/2020

---

പരാമർശം:- 1 ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന 9.10.2019-ലെ യോഗത്തിന്റെ നടപടിക്കുറിപ്പ്.

2 11.03.2020ലെ ഐ.എ.4/231/2019/തസ്വഭവ നമ്പർ സർക്കാർ കത്ത്.

3 കൺസ്യൂമർഫെഡ് മാനേജിംഗ് ഡയറക്ടറുടെ 27/05/2020ലെ CFED/ 4072/102/ 2020-21 നമ്പർ സർക്കാർ കത്ത്.

**ഉത്തരവ്**

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷന് (കൺസ്യൂമർഫെഡ്) ടിഡ വാടകയ്ക്ക് നൽകിയിട്ടുള്ള സാഫല്യം കോംപ്ലക്സിലെയും കേദാരം കോംപ്ലക്സിലെയും കടമുറികളുടെ വാടക കുടിശ്ശിക തീർപ്പാക്കുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 9.10.2019-ൽ ചേർന്ന യോഗത്തിൽ വാടക കുടിശ്ശിക ഇനത്തിൽ കരാർ പ്രകാരവും നിലവിലുള്ള നിയമപ്രകാരവും കൺസ്യൂമർഫെഡ് ഒടുക്കേണ്ട തുകകൾ ചുവടെ ചേർക്കും പ്രകാരം കണക്കാക്കാൻ പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നു.

- വാടകക്കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം മൂന്ന് വർഷത്തിലൊരിക്കൽ 15% വാടക വർദ്ധനവ്.
- Statutory Payment -കളായ Service Tax, 01/07/2017 മുതൽ GST.
- വാടക കുടിശ്ശികയ്ക്ക് സ.ഉ.(സാധാ) നം.1254/2012/ത.സ്വ.ഭ.വ. തീയതി 02/05/2012 പ്രകാരം നിശ്ചയിച്ചിട്ടുള്ള 12% പലിശ.
- കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മെയിന്റനൻസ് ചാർജ്ജ്.

മേല്പറഞ്ഞ ഇനങ്ങളിൽ കൺസ്യൂമർഫെഡ് ടിഡയ്ക്ക് നല്കേണ്ട തുക KURDFC Finance Manager

ശ്രീ.മനു ആർ.-ന്റെ നേതൃത്വത്തിൽ കൺസ്യൂമർഫെഡിലെ അക്കൗണ്ടന്റ്, ട്രിഡയിലെ റവന്യൂ ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ്/അക്കൗണ്ട്സ് ഓഫീസർ എന്നിവരടങ്ങിയ ടീം പരിശോധിച്ച് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി അതിൻ പ്രകാരമുള്ള കുടിശ്ശിക തുക കൺസ്യൂമർഫെഡ് ട്രിഡയിൽ അടയ്ക്കണമെന്നും പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിരുന്നു.

(2) പ്രസ്തുത യോഗ തീരുമാനപ്രകാരം കൺസ്യൂമർഫെഡ് ട്രിഡയിൽ ഒടുക്കേണ്ട തുക കണക്കാക്കുന്നതിന് ട്രിഡ നടപടി സ്വീകരിച്ചിരുന്നുവെങ്കിലും ടി പ്രശ്നത്തിന് ശാശ്വതപരിഹാരം കാണുന്നതിന് സാധിച്ചില്ല. തുടർന്ന് 23.01.2020-ൽ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ട്രിഡയിലേയും കൺസ്യൂമർഫെഡിലേയും ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ച് ചേർത്ത് പ്രശ്നം വീണ്ടും ചർച്ച ചെയ്യുകയും കൺസ്യൂമർഫെഡ് വാടകയ്ക്ക് എടുത്ത ട്രിഡയുടെ സാഫല്യം കോംപ്ലക്സിലും (G7, G10, G19) കേദാരം കോംപ്ലക്സിലും (8, 79, S4-S9, S10 & S11) ഉള്ള കടമുറികളുടെ വാടക കുടിശ്ശിക ഇനത്തിൽ ട്രിഡയിൽ അടയ്ക്കേണ്ട തുക സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സർക്കാർ തലത്തിൽ തയ്യാറാക്കുകയും വാടക കുടിശ്ശിക ഇനത്തിലുള്ള 72,72,247.32/- രൂപയും പലിശ ഇനത്തിലുള്ള 20,12,960.85/- രൂപയും ചേർത്ത് ആകെ 92,85,208.17/- രൂപ 4 തവണകളായി (പ്രതിമാസം) ട്രിഡയിൽ അടയ്ക്കുന്നതിനും ഏപ്രിൽ 2020 മുതൽ കൃത്യമായി മാസ വാടക നൽകുന്നതിനും കൺസ്യൂമർഫെഡ് ചെയർമാന് പരാമർശം (2) പ്രകാരം നിർദ്ദേശം നൽകുകയും ചെയ്തു.

(3) പ്രസ്തുത സ്റ്റേറ്റ്മെന്റ് കൺസ്യൂമർഫെഡ് പരിശോധിക്കുകയും കേദാരം ഷോപ്പിംഗ് കോംപ്ലക്സിലെ godown Kedaram (4-9)-ന് 2015 മെയ് മാസത്തെയും godown Kedaram (10-11)-ന് 2015 ജൂലൈ, സെപ്റ്റംബർ, നവംബർ മാസങ്ങളിലേയും വാടക കണക്കാക്കിയതിൽ, ടി മാസങ്ങളിലെ വാടക 2 പ്രാവശ്യം വീതം കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി പരാമർശം (3) പ്രകാരം മാനേജിംഗ് ഡയറക്ടർ അറിയിക്കുകയും ചെയ്തു. അതിനാൽ ഇപ്രകാരം ഉൾപ്പെടുത്തിയ അധിക തുകയായ 94,394.90/- രൂപ വാടക കുടിശ്ശിക ഇനത്തിലുള്ള തുകയായ 72,72,247.32/- രൂപയിൽ നിന്നും കുറവ് ചെയ്ത് നൽകണമെന്നും കൺസ്യൂമർഫെഡിന്റെ സാമ്പത്തിക പ്രതിസന്ധിയും ഫെഡറേഷന്റെ വക 36,97,500/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായി ട്രിഡയുടെ കൈവശമുണ്ടെന്ന കാര്യവും പരിഗണിച്ച് പലിശയിനത്തിൽ നൽകുവാനുള്ള 20,12,960.86/- രൂപ ഒഴിവാക്കി നൽകണമെന്നും കൺസ്യൂമർഫെഡ് മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൺസ്യൂമർഫെഡ് ട്രിഡയിൽ

ഒടുക്കേണ്ട വാടക കുടിശ്ശിക കണക്കാക്കിയതിൽ ഇരട്ടിപ്പ് വന്ന തുകയായ 94,394.90/- രൂപ ഒഴിവാക്കി ബാക്കി തുകയായ 91,90,813.27/- രൂപ, 3 പ്രതിമാസ തവണകളായി ജൂലൈ മാസം മുതൽ ട്രിഡയിൽ അടവാക്കുന്നതിന് കൺസ്യൂമർഫെഡിന് നിർദ്ദേശം നൽകി ഉത്തരവാകുന്നു. പുതുക്കിയ നിരക്കിൽ തന്നെ കൺസ്യൂമർഫെഡ് ട്രിഡയ്ക്ക് തുടർന്നുള്ള മാസങ്ങളിലെ വാടക കൃത്യമായി നൽകേണ്ടതാണെന്നും ഉത്തരവാകുന്നു. പലിശ ഒഴിവാക്കണമെന്ന കൺസ്യൂമർഫെഡിന്റെ ആവശ്യം പിന്നീട് പരിശോധിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

ചെയർമാൻ, കൺസ്യൂമർഫെഡ്, ഗാന്ധിനഗർ, കൊച്ചി - 20
ചെയർമാൻ, ട്രിഡ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കൺസ്യൂമർഫെഡ്, ഗാന്ധിനഗർ, കൊച്ചി - 20
സെക്രട്ടറി, ട്രിഡ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ/ഇ.ആർ.എസ്.എ),
കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Manjula G
സെക്ഷൻ ഓഫീസർ

പകർപ്പ്

1.ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്
2.തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എ.യ്ക്ക്.
3. തദ്ദേശ സ്വയംഭരണ വകുപ്പ് (ഐ.എ) ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.